പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .2338

20.06.2012.ൽ മറുപടിയ്ക്ക്

# ജലവിഭവ വകുപ്പിന് വകയിരുത്തിയിരുന്ന തുക.

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) 2011-12 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു. | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** 2011-12 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 33% ചെലവഴിച്ചു.<br><br>**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-2ന്റെ കീഴിൽ:-** 2011-12 സാമ്പത്തിക വർഷത്തിൽ പ്രോജക്ടുകൾക്ക് ഒറിജിനൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പ്ലാൻ ഇനത്തിൽ 247.46% തുകയും, നോൺ പ്ലാൻ ഇനത്തിൽ 101.09% തുകയും ചെലവഴിച്ചു. പ്ലാനും നോൺ പ്ലാനും ഉൾപ്പെടെ 128.27% ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ ആവശ്യമായി വന്ന തുക അധികമായി അനുവദിച്ചിട്ടുണ്ട്.<br><br>**ജലനിധിയുടെ കീഴിൽ:** -2011-12 സാമ്പത്തിക വർഷത്തിൽ കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസിയിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 24% ചെലവഴിച്ചു.<br><br>**അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ :-** 2011-12 സാമ്പത്തിക വർഷത്തിൽ കാഡക്കു വേണ്ടി വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 69.08% തുക കാഡ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.<br><br>**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** 2011-12 സാമ്പത്തിക വർഷത്തിൽ ജല അതോറിറ്റിക്കു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പദ്ധതികൾക്കു വേണ്ടി 58.40%വും പദ്ധതിയേതര ഇനത്തിൽ100% വും ചെലവായിട്ടുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റിൽ നിന്നും NRDWP പദ്ധതികൾക്കായി അനുവദിച്ച തുകയും പൂർണ്ണമായും വിനിയോഗിച്ചു. |

**ഐ.ഡി.ആർ.ബി.യുടെ കീഴിൽ:**-2011-12 സാമ്പത്തിക വർഷത്തിൽ ഈ കാര്യാലയത്തിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 55% ചെലവഴിച്ചു.

**ഡയറക്ടർ, ഗ്രൗണ്ട് വാട്ടറിന്റെ കീഴിൽ:**- 2011-12 സാമ്പത്തിക വർഷത്തിൽ ഭൂജല വകുപ്പിന് ആകെ 1058 ലക്ഷം രൂപയാണ് പ്ലാൻ ഫണ്ടിൽ അനുവദിച്ചത്. പ്രസ്തുത തുകയിൽ 74.77% പ്ലാൻ ഫണ്ട് ഇനത്തിലും, നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച 2213.21 ലക്ഷം രൂപയിൽ 88.91% ചെലവഴിച്ചു.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-1 ന്റെ കീഴിൽ:**- 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതികൾക്കു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക താഴെ പറയും പ്രകാരം ചെലവഴിച്ചു.

| | ബഡ്ജറ്റ് വിഹിതം | ചെലവ് | |
|---|---|---|---|
| 1) നോൺ പ്ലാൻ | 5656.76 | 4756.55 | 84% |
| 2) പ്ലാൻ | 9721.49 | 7808.62 | 80.32% |

ബി) എന്തൊക്കെ കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

ബി) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:**- പ്രസ്തുത തുക കടൽ ഭിത്തി നിർമ്മാണം, അതിന്റെ അറ്റകുറ്റപ്പണികൾ, ചെറുകിട ജലസേചന പദ്ധതികളായ ചെക്കു ഡാമുകളുടെയും കുളങ്ങളുടെയും നിർമ്മാണം, മറ്റു വെള്ളപ്പൊക്ക നിയന്ത്രണ ജോലികൾ, ഉൾനാടൻ ജലഗതാഗത പദ്ധതിയിൽ ഉൾപ്പെട്ട കനാലുകളുടെ നവീകരണം, കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പ്രവൃത്തികൾ എന്നിവയ്ക്കാണ് വിനിയോഗിച്ചിട്ടുള്ളത്.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-2 ന്റെ കീഴിൽ:**- തുക ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങളുടെ പട്ടിക **അനുബന്ധം-1 -ൽ കൊടുത്തിരിക്കുന്നു.**

**ജലനിധിയുടെ കീഴിൽ:**- രണ്ടാം ഘട്ട കേരള ഗ്രാമീണ ശുദ്ധജല പദ്ധതി (ജലനിധി-II) യ്ക്ക് 25 കോടി രൂപയും ഒന്നാം ഘട്ട പദ്ധതിയിലെ ശുദ്ധജല വിതരണത്തിന്റേയും ശുചീകരണ പ്രവർത്തനങ്ങളുടേയും പൂർത്തീകരണത്തിന് 5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ-** 50% കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ കമാന്റ് ഏരിയ ഡവലപ്മെന്റ് ആന്റ് വാടർ മാനേജ്മെൻ പ്രോഗ്രാം പദ്ധതികൾ

ക്കാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്.

**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-** തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ **അനുബന്ധം- 2-ൽ ചേർത്തിരിക്കുന്നു.**

**ഐ.ഡി.ആർ.ബി.യുടെ കീഴിൽ:-** പ്ലാൻ ഇനത്തിൽ 1.87 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 25.29 കോടി രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. കടൽ ക്ഷോഭം, നദീതട സംരക്ഷണം, ഡാമുകളുടെ സംരക്ഷണത്തെക്കുറിച്ചുള്ള പഠനം മുതലായവയ്ക്കായി പ്രസ്തുത തുക ഉപയോഗിച്ചിരിക്കുന്നു.

**ഡയറക്ടർ, ഗ്രൗണ്ട് വാട്ടറിന്റെ കീഴിൽ: -** നടപ്പാക്കുന്ന പദ്ധതികൾക്കു വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ **അനുബന്ധം -3-ൽ ചേർത്തിരിക്കുന്നു.**

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-1 ന്റെ കീഴിൽ:-** പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കും ജീവനക്കാർക്കുള്ള ശമ്പള ഇനത്തിലും നൽകി.

| | | | |
|---|---|---|---|
| സി) | എത്ര ശതമാനം തുക ചെലവഴിക്കാതെയുണ്ട്; അത് ചെലവഴിക്കാതിരിക്കാനുള്ള കാരണമെന്ത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണത്തിൻ കീഴിൽ:-** 2011-12 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 67% ചെലവഴിക്കാതെയുണ്ട്. പ്രസ്തുത തുക ചെലവഴിക്കാതെ പോയത് മുഖ്യമായും കുട്ടനാട് പാക്കേജിന് കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണ്. അതുപോലെ മറ്റു പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് പണം ചെലവഴിക്കുന്നതാണ്. |

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-2:- ന്റെ കീഴിൽ** എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പ്ലാൻ ഇനത്തിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് 27.07% തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. കൂടാതെ 2011 നവംബർ, ഡിസംബർ മാസങ്ങളിലെ കുടിശ്ശിക ബില്ലുകൾ നൽകാൻ കഴിയാത്തതിനാൽ നോൺപ്ലാൻ ഇനത്തിൽ പെരിയാർ നദീതട പദ്ധതിക്ക് 13.03% തുകയും, പമ്പാ ജലസേചന പദ്ധതിക്ക് 19.17% തുകയും, ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിക്ക് 16.45% തുകയും ചെലവഴിക്കാൻ കഴിഞ്ഞില്ല.

**അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ :-** കാഡക്കു വേണ്ടി 2011-12-ൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ 30.92% തുക ചെലവഴിക്കാതെയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ

മാർഗ്ഗ രേഖ അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും സ്റ്റാഫിന്റെ അപര്യാപ്തതയും മൂലമാണ് ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നത്.

**കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ :-**
ആകെ 41.60% തുക ചെലവഴിക്കാതെ ഉണ്ട്. ഇതിൽ പ്രധാനമായും ജെ.ബി.ഐ.സി. സ്കീമുകൾക്ക് വേണ്ടി ഉള്ളതാകുന്നു. ബഡ്ജറ്റ് വിഹിതമായി 500 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും പദ്ധതി കരുതിയതു പോലെ പുരോഗമിക്കാത്തതിനാൽ 193.07 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളു.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്സ്-1ന്റെ കീഴിൽ:-** നോൺപ്ലാൻ ഫണ്ടിൽ 16% തുകയും പ്ലാൻ ഫണ്ടിൽ 19.68% തുകയും ചെലവഴിക്കാത്തതായിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയാക്കാത്തതിനാലും ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതിനാലും പെന്റിംഗ് ബില്ലുകൾ നൽകാത്തതിനാലുമാണ് പ്രസ്തുത തുക ചെലവഴിക്കാതിരുന്നത്.

**ഐ.ഡി.ആർ.ബി.യുടെ കീഴിൽ:-** 45% തുക ചെലവഴിക്കാതെയുണ്ട്. പദ്ധതികളുടെ പ്രവർത്തനത്തിന് ആനുപാതികമായ തുകയാണ് ചെലവഴിച്ചത്. ലെറ്റർ ഓഫ് ക്രഡിറ്റിന്റെ ലഭ്യതക്കുറവും ഒരു കാരണമാണ്.

**ജലനിധി::- യുടെ കീഴിൽ** 76% ചെലവഴിക്കാൻ കഴിഞ്ഞില്ല. ജലനിധി രണ്ടാം ഘട്ടപദ്ധതിയുടെ ലോകബാങ്കുമായുള്ള കരാർ 15/02/2012-ൽ മാത്രമാണ് ഒപ്പുവയ്ക്കുവാൻ കഴിഞ്ഞത്. ആയതിനാൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വൈകി മാത്രമാണ് ആരംഭിച്ചത്.

**ഡയറക്ടർ, ഗ്രൗണ്ട് വാട്ടറിന്റെ കീഴിൽ: -**
പ്ലാൻ ഫണ്ട് ഇനത്തിൽ അനുവദിച്ച 1058 ലക്ഷം രൂപയിൽ 25.23%വും നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ 2213.21 ലക്ഷം രൂപയിൽ 11% ചെലവഴിച്ചിട്ടില്ല. **വിശദാംശങ്ങൾ അനുബന്ധം -4-ൽ കൊടുത്തിരിക്കുന്നു.**

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്